# സാമൂഹ്യ വികസനം

## ഗ്രൂപ്പു ചർച്ചകളിൽ ഉരുതിരിഞ്ഞു വന്ന നിർദ്ധേശങ്ങൾ

### അഗതിരഹിത കേരളം

1. അഗതി രഹിത കേരളം പദ്ധതിയുടെ പ്രൊജക്റ്റുകൾ എത്രയും പെട്ടന്ന് തന്നെ തയ്യാറാക്കി ജില്ലാ മിഷനുകളിലേക്കു അയക്കുന്നതിനു വേണ്ട നടപടികൾ സി ഡി എസ് തലത്തിൽ സ്വീകരിക്കും.
2. പദ്ധതി ഗുണഭോക്താൾക്കു സ്ഥിര വരുമാന മാർഗ്ഗം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുക.
3. പ്രത്യേക തൊഴിൽ പരിശീലനമങ്ങൾ നൽകി സൂഷ്മ സംഭരംഭങ്ങൾ ആരംഭിക്കുകയും ഉൽപ്പന്നങ്ങൾ കുടുംബശ്രീയുടെ വിപണന കേന്ദ്രങ്ങൾ വഴി വിറ്റഴിക്കുകയും ചെയ്യുക
4. തൊഴിൽ ചെയ്യാൻ ശേഷിയുള്ള ഗുണഭോക്താക്കൾക്ക് തൊഴിൽ ഉറപ്പു പദ്ധതിയിൽ ചേർത്ത് വരുമാന മാർഗ്ഗം കണ്ടെത്തും.
5. ഗുണഭോക്തൃ കുടുംബങ്ങളിലെ വിദ്യാഭ്യാസ യോഗ്യതയുള്ള അംഗങ്ങൾക്ക് തൊഴിൽ നൈപുണ്യ പരിശീലനങ്ങളും/ പി എസ് സി കോച്ചിങ്ങുകളും നൽകുക.
6. അയൽക്കൂട്ട പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അഗതി കുടുംബങ്ങളുടെ ഭക്ഷണ ആവശ്യത്തിലേക്കായി നൽകുക
   ഉദാ: അയൽക്കൂട്ട പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുട്ട, പാൽ, പച്ചക്കറികൾ തുടങ്ങിയവ
7. അഗതി കുടുംബങ്ങളിലെ സ്ത്രീകൾ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളല്ലെങ്കിൽ അവരെ അയൽക്കൂട്ടത്തിൽ ചേർക്കുക.
8. അഗതി കുടുംബങ്ങൾക്ക് ആരോഗ്യ കാർഡുകൾ നൽകുക
9. കിടപ്പു രോഗികളായ അഗതികൾക്ക് ഭക്ഷണ സാധനങ്ങൾ വീടുകളിൽ എത്തിച്ചു നൽകുന്നതിനുള്ള തുക കൂടി പദ്ധതിയിൽ ഉൾപ്പെടുത്തണം.

## ബഡ്സ്

1. ബഡ്സ് സ്ഥാപനങ്ങൾ നിരന്തരമായി സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യും.
2. ബഡ്സ് വികസന മാനേജ്മന്റ് സമിതി മീറ്റിങ്ങുകളിൽ പങ്കെടുക്കുക.
3. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.
4. ബഡ്സ് ബി ആർ സി കളിലെ കുട്ടികൾക്ക് കൃഷി, മൃഗ പരിപാലനം എന്നിവയിൽ പരിശീലനം നൽകുക.
5. ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
6. ബഡ്സ് സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഗ്രാമ, ബ്ലോക്ക് , ജില്ലാ തലങ്ങളിൽ വിപണന മേളകൾ സംഘടിപ്പിക്കുക
7. അധ്യാപകർക്ക് ബഡ്സിനെ കുറിച്ച് പൊതു ധാരണ ലഭിക്കുന്ന വിധത്തിലുള്ള പരിശീലനങ്ങൾ നൽകുക.
8. കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കഴിവുള്ളവരെ ഉൾപ്പെടുത്തി ട്രൂപ് ആരംഭിക്കുക.
9. കുട്ടികൾക്ക് ഫിസിയോ തെറാപ്പി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
10. ബഡ്സ്, അഗതിരഹിത കേരളം പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കും, ജനപ്രതിനിധികൾക്കും പരിശീലനം നൽകുക. ഇത്തരം പരിശീലനങ്ങളിൽ സി ഡി എസ് ചെയർ പേഴ്സൺ മാരെയും ഉൾപെടുത്തുക.